(എ) വനംവകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫോറസ്റ്റ് അക്കാഡമിയിൽ ഏതെല്ലാം തരത്തിലുള്ള ട്രെയിനിംഗ് ആണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ബി) സ്വാഭാവിക വനവൽക്കരണം ഒരു പ്രത്യേക വിഷയമായി ഇവിടെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ മാനവശേഷി ശക്തിപ്പെടുത്തുന്നതിനായി വിവിധ വിഭാഗം ജീവനക്കാർക്ക് ഇൻസർവീസ് ട്രെയിനിംഗ്, ഇൻഡക്ഷൻ ട്രെയിനിംഗ്, മോഡുലാർ ട്രെയിനിംഗ്, മറ്റ് ഹ്രസ്വകാല ട്രെയിനിംഗ് എന്നിവയാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

## വനം വകുപ്പിൽ റെയിഞ്ച് ഓഫീസർമാരിൽ നിന്നും ലഭിക്കാനുള്ള മിസലേനിയസ് അഡ്വാൻസ് റിക്കവറി

**41 (3573)** ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ റെയിഞ്ച് ഓഫീസർമാരിൽനിന്നും ലഭിക്കാനുള്ള മിസലേനിയസ് അഡ്വാൻസ് തിരിച്ചുപിടിക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ബി) 31-12-1999-വരെ മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ എന്തു തുക ഈടാക്കാനുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിൽ 1999 വർഷത്തിൽ എന്തു തുക ഈടാക്കിയിട്ടുണ്ട് ;

(ഡി) മിസലേനിയസ് അഡ്വാൻസ് ഈടാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഇ) റിട്ടയർ ചെയ്ത ഓഫീസർമാരിൽനിന്നും ഈ തുക ഈടാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,71,57,471 രൂപ.

(സി) 1999 വർഷത്തിൽ ഈടാക്കിയ തുകയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു വരികയാണ്. 26 ഡിവിഷനുകളിൽനിന്നായി 8,29,569 രൂപ ഈടാക്കിയിട്ടുണ്ട്.

(ഡി) ശമ്പളത്തിൽനിന്നും പിടിക്കുക, ഒരു നിശ്ചിത തീയതിയ്ക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർസൈൻഡ് ചെലാൻ സഹിതം നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

നൽകുക. എ. ജി. യു മായി ബന്ധപ്പെട്ട് റീട്രെഞ്ചുമെന്റ് സ്ലിപ്പു പുറപ്പെടുവിക്കുക, റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ഇ) റിട്ടയർ ചെയ്ത ഓഫീസർമാരുടെ ഡി. സി. ആർ. ജി. യിൽ നിന്നും ഈ തുക അഡ്ജസ്റ്റ് ചെയ്യുന്നു. ഡി. സി. ആർ. ജി. തികയാതെ വന്നാൽ റവന്യൂ റിക്കവറി വഴിയും തുക ഈടാക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതി

42 (3574) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നാരായണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വനംവകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ക്ഷേമപ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തുതുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വനപ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സെൻസസ് വനംവകുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ചെറുചരക്ക് ശേഖരിക്കുന്നതിന് സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, പാർപ്പിട സൗകര്യം, റോഡുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ; എങ്കിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly